"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - കോവിഡ് - 19 കാലഘട്ടത്തിൽ പ്രവർത്തിച്ച് വരുന്ന പാലിയേറ്റീവ് കെയർ നഴ്സുമാർക്ക് ഇൻസെന്റീവ് അനുവദിക്കുന്നതിന് ആറു മാസത്തേയ്ക്ക് കൂടി തുടർച്ചാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.1820/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 05/10/2020

---

പരാമർശം:- സ.ഉ (സാധാ) നം. 1615/2020/തസ്വഭവ തീയതി 07.09.2020.

**ഉത്തരവ്**

പരാമർശത്തിലെ ഉത്തരവ് പ്രകാരം കോവിഡ് - 19 കാലഘട്ടത്തിൽ പ്രവർത്തിച്ച് വരുന്ന സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പാലിയേറ്റീവ് കെയർ നഴ്സുമാർക്ക് 2020 മാർച്ച് മാസം മുതൽ ആറു മാസത്തെയ്ക്ക് പ്രതിമാസം 1000/- രൂപ ഇൻസെന്റീവ് അനുവദിച്ച് ഉത്തരവായിരുന്നു. കോവിഡ് - 19 വ്യാപനം അതിരൂക്ഷമായ സാഹചര്യത്തിൽ പ്രസ്തുത ഉത്തരവിന് തുടർച്ചയായി സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പാലിയേറ്റീവ് കെയർ നഴ്സുമാർക്ക് 2020 സെപ്റ്റംബർ മാസം മുതൽ ആറു മാസത്തെയ്ക്ക് കൂടി പ്രതിമാസം 1000/- രൂപ ഇൻസെന്റീവ് അനുവദിച്ച് കൊണ്ടും ഇതിനാവശ്യമായ തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്ന് ചെലവഴിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്ത് കൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഷീബ ബി**

**ഡെപ്യൂട്ടിസെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം. (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).

ഐ&പിആർഡി (വെബ് & ന്യൂ മീഡിയ)

ഓഫീസ് പകർപ്പ് (ഫയൽ നം. LSGD-EPA2/52/2020-LSGD) / കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Daniyal

സെക്ഷൻ ഓഫീസർ